LIBRARY ARCHIVES Kerala Legislative Assembly

റേഷൻ കാർഡുകളുടെ എണ്ണം

*30 [88] ശ്രീ. എ. എ. അസീസ്:

,, കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിലുള്ള റേഷൻ കാർഡുകളിൽ ബി.പി.എൽ., എ.പി.എൽ. തിരിച്ചുള്ള കണക്ക് വെളിപ്പെടുത്തുമോ;

(ബി) പുതിയ കാർഡുകൾ നൽകുന്നതിനുള്ള കാലതാമസം ഒഴിവാക്കാൻ എന്തു നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) കാർഡുകൾ അച്ചടിച്ച് ലഭിക്കുന്നതിൽ കാലതാമസം ഉണ്ടാകാനുള്ള കാരണം എന്താണ് എന്ന് വെളിപ്പെടുത്തുമോ?

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്):

(എ) 31-12-2004 കണക്കുകൾ പ്രകാരം സംസ്ഥാനത്ത് 1,576,391 ബി.പി.എൽ. കാർഡുകളും 4,514,909 എ.പി.എൽ. കാർഡുകളും ഉണ്ട്.

(ബി) എല്ലാ രേഖകളുമായി അപേക്ഷകൾ സമർപ്പിക്കുന്നവർക്ക് ഒരാഴ്ച ക്കുള്ളിൽ റേഷൻ കാർഡ് നൽകിവരുന്നു. റേഷൻ കാർഡിലെ 1, 2, 20 പേജുകളിലെ വിവരങ്ങൾ കുടുംബശ്രീയുടെ സഹായത്തോടെ കമ്പ്യൂട്ടർ വഴി രേഖപ്പെടുത്തി നൽകു ന്നതുമൂലമാണ് ഇത്രയും സമയം എടുക്കുന്നത്. ഭരണ നവീകരണ പദ്ധതിയുടെ ഭാഗ മായി ഏറ്റെടുത്തിട്ടുള്ള സേവന പ്രദാന പദ്ധതി നടപ്പിലാക്കി കഴിയുമ്പോൾ എല്ലാ രേഖകളോടുംകൂടി അപേക്ഷ സമർപ്പിക്കുന്നവർക്ക് അതേ ദിവസംതന്നെ പുതിയ കാർഡുകൾ നൽകാൻ കഴിയും. എന്നാൽ താൽക്കാലിക റേഷൻ കാർഡ് നൽകേണ്ടി വരുന്ന സന്ദർഭത്തിൽ ആവശ്യമായ രേഖകളോടുകൂടി അപേക്ഷിക്കുന്നവർക്ക് അതേ ദിവസം തന്നെ താൽക്കാലിക റേഷൻ കാർഡ് നൽകുന്നുണ്ട്. പുതിയ റേഷൻ കാർഡി നുള്ള അപേക്ഷകളും റേഷൻ കാർഡുമായി ബന്ധപ്പെട്ട എല്ലാ അപേക്ഷകളും എല്ലാ പ്രവർത്തി ദിവസങ്ങളിലും സ്വീകരിക്കേണ്ടതാണെന്നും നിലവിലുള്ള കാർഡ് വിഭ ജിച്ച് കാർഡ് നൽകുന്നതിനുള്ള അപേക്ഷകളിൻമേൽ 7 ദിവസത്തിനകം പുതിയ കാർഡ് നൽകേണ്ടതാണെന്നും എല്ലാ താലൂക്ക് സപ്ലൈ ആഫീസർമാർക്കും സിറ്റി റേഷനിംഗ് ആഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) റേഷൻ കാർഡ് അച്ചടിക്കുന്നതിനാവശ്യമായ സ്റ്റേഷനറി സാധനങ്ങൾ ലഭിക്കുന്നതിലുണ്ടായ കാലതാമസം മൂലമാണ് പുതിയ കാർഡുകൾ അച്ചടിച്ചു ലഭി ക്കാൻ കാലതാമസം ഉണ്ടായത്.